# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 02 | 2020 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമല ഓൺലൈൻ ബുക്കിംഗ് ഇന്ന് വൈകുന്നേരം മുതൽ**

ശബരിമല ദർശനത്തിന് കൂടുതൽ തീർഥാടകരെ അനുവദിച്ചതിന്റെ ഓൺലൈൻ ബുക്കിംഗ് ഇന്ന് വൈകുന്നേരം 5 മണിയോടെ ആരംഭിക്കുമെന്ന് ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ അറിയിച്ചു. പ്രതിദിന തീർഥാടകരുടെ എണ്ണം രണ്ടായിരമായും ശനി, ഞായർ ദിവസങ്ങളിൽ മൂവായിരവുമായാണ് വർധിപ്പിച്ചത്. ഇത് മുൻപ് യഥാക്രമം ആയിരവും രണ്ടായിരവുമായിരുന്നു. പൂർണമായും ഓൺലൈൻ സംവിധാനം വഴിയാണ് ബുക്കിംഗ്. മെയമൃശാമഹമീഹശില.ീൃഴ എന്ന വെബ്സൈറ്റിൽ നിന്നും തീർഥാടകർക്ക് ബുക്കിംഗ് സാധിക്കും.

കോവിഡ് നിയന്ത്രണങ്ങൾ പൂർണമായും പാലിച്ചു കൊണ്ടായിരിക്കും തീർഥാടനം. എല്ലാ തീർഥാടകരും നിലയ്ക്കലിൽ എത്തുന്നതിന് 24 മണിക്കൂറിന് അകം നടത്തിയ കോവിഡ് 19 നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. നിലയ്ക്കലിൽ ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതല്ലെങ്കിൽ ശബരിമലയിലേക്കുള്ള യാത്രയിൽ ഉടനീളം ക്രമീകരിച്ചിട്ടുള്ള സർക്കാർ അല്ലെങ്കിൽ സ്വകാര്യ ഏജൻസികൾ നടത്തുന്ന ഏതെങ്കിലും അംഗീകൃത കോവിഡ് കിയോസ്കിൽനിന്ന് തീർഥാടകർക്ക് പരിശോധന നടത്താമെന്നും മന്ത്രി അറിയിച്ചു.

**(പി .ആർ. ശബരി -67)**

## വിപുലമായ സുരക്ഷാ ക്രമീകരണങ്ങളുമായി അഗ്നി സുരക്ഷാസേന

സുരക്ഷിതമായ തീർഥാടനകാലം ഒരുക്കുന്നതിന്റെ ഭാഗമായി ശബരിമലയിലും പമ്പയിലേക്കുള്ള വഴിയിലും അപകടങ്ങൾ ഒഴിവാക്കുന്നതിനായി വിപുലവും ശാസ്ത്രീയവുമായ വിവിധ പ്രവർത്തനങ്ങളാണ് അഗ്നി സുരക്ഷാസേന നടത്തുന്നത്. സ്പെഷ്യൽ ഓഫീസർ എസ്.എൽ. ദിലീപ്, സ്റ്റേഷൻ ഓഫീസർ കെ.എൻ. സതീശൻ, അസി. സ്റ്റേഷൻ ഓഫീസർ യു.വി. ഷിബു എന്നിവരുടെ നേതൃത്വത്തിൽ സന്നിധാനത്തെ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ജീവനക്കാർക്കും തൊഴിലാളികൾക്കും അപകട സാഹചര്യങ്ങൾ നേരിടുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

സന്നിധാനത്തെ അപ്പം - അരവണ പ്ലാന്റ്, ഗ്യാസ് ഗോഡൗൺ, ഇൻസിനറേറ്റർ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് പ്രത്യേക ബോധവത്ക്കരണ ക്ലാസുകളും പ്രാഥമിക അഗ്നിസുരക്ഷാ ഉപകരണങ്ങളായ വിവിധ അഗ്നി നിയന്ത്രണ ഉപകരണങ്ങൾ, ഗ്യാസ് സിലിണ്ടറുകൾ എന്നിവ കൈകാര്യം ചെയ്യേണ്ട രീതി, സ്വയരക്ഷാ മാർഗങ്ങൾ എന്നിവയിൽ പരിശീലനവും നൽകി. കാലാവസ്ഥാ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സന്നിധാനം, സ്വാമി അയ്യപ്പൻ റോഡ്, പമ്പ, നിലയ്ക്കൽ പ്ലാപ്പള്ളി വരെയുള്ള സ്ഥലങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങളുടെ വിവരം തുടർ നടപടികൾക്കായി ഡ്യൂട്ടി മജിസ്ട്രേട്ടിന് നൽകി.

**(പി .ആർ. ശബരി -68)**

***ഫോട്ടോ അടിക്കുറിപ്പ് - ഫയർഫോഴ്സ്–***
സന്നിധാനത്ത് അഗ്നിസുരക്ഷാസേന നടത്തിയ പരിശീലന പരിപാടി.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER | 02 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമല വിശേഷങ്ങൾ (03.12.2020)**

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തൽ
5 ന്.... നട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
8 മണി മുതൽ 9 മണി വരെ ഉദയാസ്തമന പൂജ
11.30 ന് .....25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

.

**(പി .ആര്‍. ശബരി -69)**


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.